"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

"Augmentation of WSS to Kollam corporation - Construction of Transformer Building and allied works, Supply & erection of Raw & Clear water pump sets, Construction of Electrical Substations, Automation (SCADA), CCTV & Solar panel installation at Raw water & Clear water pumping stations" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.10/2025/WRD　　തീയതി,തിരുവനന്തപുരം, 07-02-2025

---

പരാമർശം:-
1. സ.ഉ (പി) നം. 375/2015/ധന തീയതി 24.08.2015
2. സ.ഉ (സാധ) നം. 14/2017/ജ.വി.വ തീയതി 11.01.2017
3. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017
4. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 29.07.2024 തീയതിയിലെ No. KWA-JB/1549/2024-AE9 നമ്പർ കത്ത്.

**ഉത്തരവ്**

“Augmentation of Water Supply Scheme to Kollam Corporation Phase - II” എന്ന പ്രവൃത്തിയ്ക്ക് പരാമർശം (2) പ്രകാരം കിഫ്ബി വഴി ഫണ്ട് കണ്ടെത്തുന്നതിനായി 235 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. "Augmentation of WSS to Kollam corporation - Construction of Transformer Building and allied works, Supply & erection of Raw & Clear water pump sets, Construction of Electrical Substations, Automation (SCADA), CCTV & Solar panel installation at Raw water & Clear water pumping stations" എന്ന പ്രവൃത്തിയ്ക്ക് 07.08.2023 തീയതിയിൽ 4584.80 ലക്ഷം രൂപയുടെ സാങ്കേതികാനുമതി കേരള വാട്ടർ അതോറിറ്റി നൽകിയിരുന്നു.

2. പ്രസ്തുത പ്രവൃത്തിയ്ക്ക് ആദ്യം ക്ഷണിച്ച ടെണ്ടർ ആരും ദർഘാസ് സമർപ്പിക്കാത്തിനാൽ റദ്ദു ചെയ്യുകയുണ്ടായി. പുന:ദർഘാസിൽ "M/s Chicago Constructions International Pvt Ltd." എന്ന കരാറുകാരന്റെ ഏക ദർഘാസ് മാത്രമാണ് ലഭിച്ചതെന്നും, പ്രസ്തുത കരാറുകാരൻ ക്വാട്ട് ചെയ്ത 53,21,61,078.30/- രൂപ ദർഘാസ് തുകയായ 38,29,50,717/- രൂപയേക്കാൾ 38.96% കൂടുതലായിരുന്നു എന്നും പരാമർശം (4) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ടു ചെയ്യുകയുണ്ടായി.

3. പരാമർശം (3) - ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഇതിൽ കുറഞ്ഞ തുകയായ പ്രാദേശിക വിപണി നിരക്കായ 40,41,93,040.55/- രൂപയ്ക്കു മാത്രമേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ.

തുടർന്ന് കേരള വാട്ടർ അതോറിറ്റി bidder- മായി negotiation നടത്തിയപ്പോൾ Tendered PAC യെക്കാൾ 38.18% അധികരിച്ച 52,91,43,330/- രൂപയ്ക്ക് കരാർ ഏറ്റെടുക്കുവാൻ തയ്യാറായി.

4. ഈ പ്രവൃത്തി പദ്ധതിയുടെ നിർണായക ഘടകങ്ങളിലൊന്നാണെന്നും, ആയത് പൂർത്തിയാക്കുന്നതിലുള്ള കാലതാമസം, മുഴുവൻ പദ്ധതി തന്നെ കമ്മീഷൻ ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നുവെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. പദ്ധതി ഇതുവരെയും കമ്മീഷൻ ചെയ്യാനായിട്ടില്ലാത്തതിനാൽ ചെലവഴിച്ച തുകയുടെ പ്രയോജനം ഇതുവരെ ജനങ്ങൾക്ക് ലഭിച്ചിട്ടില്ലെന്നും, അനുദിനം വർധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ നിലവിലെ QWSS പദ്ധതിയിലൂടെയുള്ള ജലലഭ്യത അപര്യാപ്തമായതിനാൽ കൊല്ലം കോർപ്പറേഷൻ രൂക്ഷമായ ജലക്ഷാമം നേരിടുന്നതായും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. പുതിയ 100 എം.എൽ.ഡി പദ്ധതിയുടെ കമ്മീഷൻ ചെയ്യലാണ് ഈ ജലക്ഷാമത്തിനുള്ള ഏക പ്രതിവിധിയെന്നും കേരള വാട്ടർ അതോറിറ്റി സർക്കാരിനെ അറിയിച്ചു. ഈ സാഹചര്യത്തിൽ, single bidder M/s Chicago Constructions International Pvt ക്വാട്ട് ചെയ്ത ടെൻഡർ പരിഗണിക്കാനും, അവരുടെ negotiated തുകയായ 52,91,43,330/- രൂപയ്ക്ക് ടെണ്ടർ അനുവദിക്കണമെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. കൊല്ലം നഗരത്തിന് നിലവിൽ പൂർണ്ണമായും ശുദ്ധജലം എത്തിക്കുന്നതിന് ഇനിയും സാധിച്ചിട്ടില്ല. ഇത് നിലവിൽ വാട്ടർ അതോറിറ്റി ഉല്പാദിപ്പിക്കുന്ന ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തിയാണ്. അപ്രകാരം ഇതിന് വളരെ പ്രാധാന്യവുമുണ്ട്. 28.09.2023 മുതൽ 14.12.2023 വരെ ദർഘാസ് പലതവണ ക്ഷണിച്ചെങ്കിലും വളരെ കുറച്ച് പ്രതികരണം മാത്രമാണ് ഉണ്ടായിട്ടുള്ളത്. ഇനിയും കാലതാമസം വരുന്നതുകൊണ്ട് ചെലവ് കൂടാനേ സഹായിക്കൂ.

6. പ്രസ്തുത സാഹചര്യത്തിൽ "Augmentation of WSS to Kollam corporation - Construction of Transformer Building and allied works, Supply & erection of Raw & Clear water pump sets, Construction of Electrical Substations, Automation (SCADA), CCTV & Solar panel installation at Raw water & Clear water pumping stations" എന്ന പ്രവൃത്തിയ്ക്ക് M/s Chicago Constructions International Pvt Ltd, Chithira Lane, Kochar Road, Sasthamangalam, Thiruvananthapuram ക്വാട്ട് ചെയ്ത ദർഘാസ്, Tendered PAC യേക്കാൾ 38.18% അധികരിച്ച തുകയായ 52,91,43,330/- രൂപയ്ക്ക് (അമ്പത്തിരണ്ട് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി നാല്പത്തിമൂവായിരത്തി മുന്നൂറ്റി മുപ്പത് രൂപ മാത്രം) അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് ( 05.02.2025-ലെ ഇനം. 2686 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. Infra-2/21/2024/Fin)

5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Khadeeja Alungal
Date: 10-02-2025 12:01:26
സെക്ഷൻ ഓഫീസർ

പകർപ്പ്:- ജലവിഭവ വകുപ്പ മന്ത്രിയുടെ പി.എസ്- ന്
ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ- യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-02-2025

ഫയൽ നം. ഡബ്ല്യൂ.എസ്.-ബി1/168/2024/ജ.വി.വ. ഇനം നം: 2686

വിഷയം : ജലവിഭവ വകുപ്പ് - "Augmentation of WSS to Kollam Corporation - Construction of Transformer Building and allied works, Supply & erection of Raw & Clear water pump sets, Construction of Electrical Substations, Automation (SCADA), CCTV & Solar panel installation at Raw water & Clear water pumping stations" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

CGU

Saradaly
ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
06 FEB 2025

US(B)
6/2/25
S.S

2686

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യു എസ്- ബി1/168/2024-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | "Augmentation of WSS to Kollam corporation - Construction of Transformer Building and allied works, Supply & erection of Raw & Clear water pump sets, Construction of Electrical Substations, Automation (SCADA), CCTV & Solar panel installation at Raw water & Clear water pumping stations" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 25/10/2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.. സജികുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/11/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/02/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 04/02/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04/02/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

"Augmentation of WSS to Kollam corporation - Construction of Transformer Building and allied works, Supply & erection of Raw & Clear water pump sets, Construction of Electrical Substations, Automation (SCADA), CCTV & Solar panel installation at Raw water & Clear water pumping stations" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 38.18% അധികരിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. "Augmentation of Water Supply Scheme to Kollam Corporation Phase - II" എന്ന പദ്ധതിയ്ക്ക് 11.01.2017 തീയതിയിലെ സ.ഉ (സാധ) നം. 14/2017/ജ.വി.വ പ്രകാരം കിഫ്ബി വഴി ഫണ്ട് കണ്ടെത്തുന്നതിനായി 235 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് 07.08.2023 തീയതിയിൽ 4584.80 ലക്ഷം രൂപയുടെ സാങ്കേതികാനുമതി കേരള വാട്ടർ അതോറിറ്റി നൽകിയിരുന്നു.

3. പ്രസ്തുത പ്രവൃത്തിയ്ക്കായി 28.09.2023 തീയതിയിൽ 38,29,50,717/- രൂപ Tendered PAC ആയി ടെണ്ടർ ക്ഷണിച്ചുവെങ്കിലും ആരും ദർഘാസ് സമർപ്പിക്കാത്തിനാൽ പ്രസ്തുത ടെൻണ്ടർ റദ്ദു ചെയ്യുകയും വ്യാപക പ്രചാരണത്തോടെ പുനഃദർഘാസ് ക്ഷണിക്കുകയും ചെയ്തു. പുനഃദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ ടെണ്ടർ സമർപ്പിക്കുന്നതിനുള്ള തീയതി 3 പ്രാവശ്യം ദീർഘിപ്പിക്കുകയുണ്ടായി. പ്രസ്തുത പുനഃദർഘാസിൽ "M/s Chicago Constructions International Pvt Ltd." എന്ന കരാറുകാരന്റെ ദർഘാസ് മാത്രമാണ് ലഭിച്ചത്. 23.12.2023 തീയതിയിൽ ചേർന്ന ടെണ്ടർ കമ്മിറ്റി "M/s Chicago Constructions International Pvt Ltd." - നെ പ്രീ- ക്വാളിഫൈ ചെയ്യുകയും 08.01.2024 തീയതിൽ Price bid തുറക്കുകയും ചെയ്തു. കരാറുകാരൻ ക്വാട്ട് ചെയ്ത തുക

- Tendered PAC ആയ 38,29,50,717/- രൂപയേക്കാൾ 38.96% അധികരിച്ച തുകയായ 53,21,61,078.30/- രൂപയായിരുന്നു.

PRICE 3.0 പ്രകാരമുള്ള താരതമ്യ വിശദാംശങ്ങൾ ഇപ്രകാരമാണ്:

Quoted Amount - Rs. 53,21,61,078.30/- (38.96% above TPAC)

Local Market Rate - Rs. 40,41,93,040.55/- (5.55% above TPAC)

Current DSoR+10%- Rs. 42,12,45,789.20/-

4. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയും, പ്രാദേശിക വിപണി നിരക്കുമായ 40,41,93,040.55/- (TPAC യേക്കാൾ 5.55% അധികരിച്ചത്) രൂപയ്ക്കു മാത്രമേ പ്രവൃത്തി അനുവദിക്കാനാകൂ. Single bidder ആയ M/s Chicago Constructions International (P) Ltd- ക്വാട്ട് ചെയ്ത തുക വളരെ കൂടുതലായതിനാലും (Tendered PAC യെക്കാൾ 38.9% അധികരിച്ചത്), ഇത് രണ്ടാമത്തെ ടെണ്ടർ ആയതിനാലും എസ്റ്റിമേറ്റ് പുനഃപരിശോധിക്കുന്നതിനും, ആയത് recast ചെയത് പ്രസ്തുത പ്രവൃത്തിയ്ക്ക് പുനഃദർഘാസ് ക്ഷണിക്കുന്നതിനും കേരള വാട്ടർ അതോറിറ്റി തീരുമാനിച്ചു.

5. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രി "Augmentation of WSS to Kollam Corporation works" പദ്ധതി പുരോഗതി അവലോകനം ചെയ്യവേ, ഈ പ്രവൃത്തി പദ്ധതിയുടെ നിർണായക ഘടകങ്ങളിലൊന്നാണെന്നും, ആയത് പൂർത്തിയാക്കുന്നതിലുള്ള കാലതാമസം, മുഴുവൻ പദ്ധതി തന്നെ കമ്മീഷൻ ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നുവെന്നും ചൂണ്ടിക്കാട്ടിയെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കൂടാതെ, മൊത്തം ഭരണാനുമതി തുകയായ 566 കോടിയിൽ ഏകദേശം 230 കോടി രൂപ ഇതിനകം പദ്ധതിക്കായി ചെലവഴിച്ചു. പദ്ധതി ഇതുവരെയും കമ്മീഷൻ കമ്മീഷൻ ചെയ്യാനായിട്ടില്ലാത്തതിനാൽ ചെലവഴിച്ച തുകയുടെ

പ്രയോജനം ഇതുവരെ ജനങ്ങൾക്ക് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, ഈ ഘടകത്തിന്റെ പ്രവൃത്തി ക്രമീകരിക്കുന്നതിൽ കൂടുതൽ കാലതാമസം ഉണ്ടായാൽ, പദ്ധതിയുടെ കമ്മീഷൻ ചെയ്യൽ കൂടുതൽ നീളുമെന്നതിനാൽ ലഭിച്ച ടെണ്ടർ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ തീരുമാനിച്ചതായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറകടർ അറിയിച്ചു.

6. കേരള വാട്ടർ അതോറിറ്റി bidder- മായി negotiation നടത്തിയപ്പോൾ Tendered PAC യെക്കാൾ 38.18% അധികരിച്ച 52,91,43,330/- രൂപയ്ക്ക് കരാർ ഏറ്റെടുക്കുവാൻ തയ്യാറായി.

താരതമ്യ സ്റ്റേറ്റ്മെന്റ് താഴെ ചേർക്കുന്നു:

| Negotiated Amount - Rs. 52,91,43,330/- | | |
|---|---|---|
| | Amount | Quoted Amount Percentage Above or Below |
| Tendered PAC | Rs. 38,29,50,717/- | **38.18 % Above** |
| Current SoR +10% amount | Rs. 42,12,45,789.20/- | **25.61% Above** |
| Local Market Rate | Rs. 40,41,93,040.55/- | **30.91% Above** |

7. അനുദിനം വർധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ നിലവിലെ QWSS പദ്ധതിയിലൂടെയുള്ള ജലലഭ്യത അപര്യാപ്തമായതിനാൽ കൊല്ലം കോർപ്പറേഷൻ രൂക്ഷമായ ജലക്ഷാമം നേരിടുന്നതായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. പുതിയ 100 എം.എൽ.ഡി പദ്ധതിയുടെ കമ്മീഷൻ ചെയ്യലാണ് ഈ ജലക്ഷാമത്തിനുള്ള ഏക പ്രതിവിധി. കൂടാതെ M/s Chicago Constructions International Pvt Ltd, Chithira Lane, Kochar Road, Sasthamangalam, Thiruvananthapuram എന്ന single bidder- ന് അവർ negotiate ചെയ്തതും, Tendered PAC ആയ 38,29,50,717/- രൂപയേക്കാൾ 38.18% അധികരിച്ചതുമായ തുകയായ 52,91,43,330/- രൂപയ്ക്ക് ടെണ്ടർ അനുവദിക്കണമെന്ന അഭ്യർത്ഥനയോടെ പ്രസ്തുത

ടെണ്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ 12.07.2024 ന് ചേർന്ന സാങ്കേതിക സമിതി തീരുമാനിച്ചതായും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

8. ഈ സാഹചര്യത്തിൽ, single bidder M/s Chicago Constructions International Pvt ക്വാട്ട് ചെയ്ത ടെൻഡർ പരിഗണിക്കാനും അവരുടെ negotiated തുയായ, Tendered PAC ആയ 38,29,50,717/- രൂപയേക്കാൾ 38.18% അധികരിച്ച, 52,91,43,330/- രൂപയ്ക്ക് ടെണ്ടർ അനുവദിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

9. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ പറയുന്നു:

*"The Negotiated amount of L1 bidder of Rs.52,91,43,330/- is 38.18% above tendered PAC of Rs.38,29,50,717 and is also above the LMR value.*

*As per the Clause 7.2.5 of G.O (Ms) No.69/2018/Fin Dated 24-02-2018, Tenders beyond justifiable market rate shall not be accepted. In exceptional circumstances if the tenders are to be accepted at a higher amount than the justifiable market rate, the same shall be done with the approval of the Council of Ministers only.*

*Hence AD is advised to follow the norms as per G. O (Ms) No.69/2018/Fin Dated 24-02-2018 and get the approval from Council of Ministers for tender acceptance".*

10. ബഹു. ജലവിഭവ വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"കൊല്ലം നഗരത്തിന് നിലവിൽ പൂർണ്ണമായും ശുദ്ധജലം എത്തിക്കുന്നതിന് ഇനിയും സാധിച്ചിട്ടില്ല. ഇത് നിലവിൽ വാട്ടർ അതോറിറ്റി ഉല്പാദിപ്പിക്കുന്ന ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തിയാണ്. അപ്രകാരം ഇതിന് വളരെ പ്രാധാന്യവുമുണ്ട്. 28.09.2023 മുതൽ 14.12.2023 വരെ ദർഘാസ് പലതവണ ക്ഷണിച്ചെങ്കിലും വളരെ കുറച്ച് പ്രതികരണം മാത്രമാണ് ഉണ്ടായിട്ടുള്ളത്. ഇനിയും

കാലതാമസം വരുന്നതുകൊണ്ട് ചെലവ് കൂടാനേ സഹായിക്കൂ. കൂടാതെ ടോളറൻസ് ലിമിറ്റ് തന്നെ എൽ.എം.ആർ- നെക്കാൾ കൂടി നിൽക്കുന്നു എന്നതിനാൽ തന്നെ ഈ കേസിൽ വിപണിയുമായി പൊരുത്തപ്പെടുന്ന രീതിയിലുള്ള എൽ.എം.ആർ എസ്റ്റിമേറ്റല്ല പ്രൈസ് മെക്കാനിസത്തിൽ കിടക്കുന്നത് എന്ന് വ്യക്തമാണ്. ആയതിനാൽ ധനവകുപ്പ് കൂടി അഭിപ്രായപ്പെട്ട അടിസ്ഥാനത്തിൽ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കാൻ ബഹു.മുഖ്യമന്ത്രി സദയം ഉത്തരവായാലും"

11. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

"Augmentation of WSS to Kollam corporation - Construction of Transformer Building and allied works, Supply & erection of Raw & Clear water pump sets, Construction of Electrical Substations, Automation (SCADA), CCTV & Solar panel installation at Raw water & Clear water pumping stations" എന്ന പ്രവൃത്തിയ്ക്ക് M/s Chicago Constructions International Pvt Ltd, Chithira Lane, Kochar Road, Sasthamangalam, Thiruvananthapuram ക്വാട്ട് ചെയ്ത ഏക ദർഘാസ് Tendered PAC യേക്കാൾ 38.18% അധികരിച്ച തുകയായ 52,91,43,330/- രൂപയ്ക്ക് അനുവദിയ്ക്കാമോ;